KERALA KNOWLEDGE ECONOMY MISSION

## എന്റെ തൊഴിൽ എന്റെ അഭിമാനം 2.0

കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി :

**ആമുഖം**

കേരളത്തിലെ ഐടിഐ/ഡിപ്ലോമ/പ്ലസ് ടു വിന് മുകളിൽ യോഗ്യതയുള്ള, DWMSൽ രജിസ്റ്റർ ചെയ്തിട്ടുള്ള 14.1 ലക്ഷം തൊഴിലന്വേഷകർക്ക് വേണ്ടി കേരള നോളജ് ഇക്കോണമി മിഷൻ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ്. '**എന്റെ തൊഴിൽ എന്റെ അഭിമാനം** 2.0'. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ മേൽനോട്ടത്തിലാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **2023 ജൂലൈ മാസത്തിൽ തുടങ്ങി 2024 മാർച്ച് 31 ന മുൻപ്** എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ സംഘടിപ്പിച്ച് അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ അവരുടെ വിദ്യാഭ്യാസ യോഗ്യതക്കും കഴിവിനും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ നേടാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തൊഴിൽ അന്വേഷകരുടെ അഭിരുചി മനസിലാക്കി, ആവശ്യമായ നൈപുണ്യ പരിശീലനങ്ങൾ നൽകി, തൊഴിൽ അന്വേഷണത്തിന് സജ്ജരാക്കി, വൈജ്ഞാനിക തൊഴിൽ ലഭ്യമാക്കും. വൈജ്ഞാനിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സമീപ സ്ഥലത്തുതന്നെ സൗകര്യപ്രദമായ അത്യാധുനിക തൊഴിലിടങ്ങൾ ഒരുക്കുന്നതിനായി വർക്ക് നിയർ ഹോമുകൾ സ്ഥാപിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.ആദ്യഘട്ടമായി എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 പദ്ധതിയിൽ രജിസ്ട്രേഷൻ നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഗൂഗിൾ ഫോം രജിസ്ട്രേഷൻ വഴി തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലെ DWMSൽ രജിസ്റ്റർ ചെയ്ത നിർദിഷ്ട യോഗ്യതയുള്ള തൊഴിലന്വേഷകർക്ക് വേണ്ട പിന്തുണ നൽകുകയാണ് ലക്ഷ്യം.

2023-24 സാമ്പത്തിക വർഷം കേരള നോളജ് ഇക്കോണമി മിഷൻ ലഭ്യമാക്കുന്ന ഒരു ലക്ഷത്തിൽപരം തൊഴിലവസരങ്ങൾ ഉപയോഗിച്ച് താല്പര്യമുള്ള തൊഴിലുകളിലേക്ക് അവരെ എത്തിക്കുന്നതിനുള്ള പിന്തുണയും നൽകും. കുടുംബശ്രീ കമ്മ്യൂണിറ്റി അംബാസ്സഡറുടെ സഹായത്തോടെ സൈക്കോമെട്രിക് ടെസ്റ്റ് ഉപയോഗിച്ച് DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകരുടെ അഭിരുചിയും ആഭിമുഖ്യവും മനസ്സിലാക്കി അവർക്ക് ആവശ്യാനുസരണം കരിയർ കൗൺസിലിങ്, പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനിങ്, വർക്ക് റെഡിനസ് പ്രോഗ്രാം തുടങ്ങിയ സൗജന്യ ക്യൂറേഷൻ സർവീസുകൾ ലഭ്യമാക്കും. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം അളക്കുന്നതിനുള്ള ഇംഗ്ലീഷ് സ്കോർ ടെസ്റ്റ് നടത്തുക, ജോബ് മാച്ചിംഗും ഇന്റർവ്യൂകളിലും പങ്കെടുപ്പിച്ച് ഓഫർ ലെറ്റർ ലഭ്യമാക്കുക തുടങ്ങിയതുവരെയുള്ള പ്രവർത്തനങ്ങൾ കേരള നോളജ് ഇക്കോണമി മിഷൻ നടത്തും.

കേരള നോളജ് ഇക്കോണമി മിഷൻ ഏറ്റെടുത്തിട്ടുള്ള പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ ചുവടെ പറയുന്ന നാല് പ്രോജക്ടുകൾ 2023-2024 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടതാണ്.

A. **എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 - കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ**

B. **എന്റെ തൊഴിൽ എന്റെ അഭിമാനം 2.0- കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കൽ**

C. **എന്റെ തൊഴിൽ എന്റെ അഭിമാനം 2.0- കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - തൊഴിൽമേള സംഘടിപ്പിക്കൽ**

D. **എന്റെ തൊഴിൽ എന്റെ അഭിമാനം 2.0- കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - വർക്ക് നിയർ ഹോം സൗകര്യം ഏർപ്പെടുത്തൽ**

ഇത്തരത്തിൽ ഏറ്റെടുക്കേണ്ട പ്രോജക്ടുകളുടെ ലക്ഷ്യങ്ങൾ, വിഭവ വകയിരുത്തൽ, പ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**A. എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 - കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - കേരള നോളജ് ഇക്കോണമി മിഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ:**

(i) **പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ:** DWMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും അല്ലാത്തവരുമായ തൊഴിലന്വേഷകർക്ക് തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിനും, അവരുമായി കൃത്യമായി സംവദിക്കുന്നതിനും കമ്മ്യൂണിറ്റി അംബാസിഡർക്ക് പ്രവർത്തിക്കുന്നതിനായുള്ള സ്ഥിരമായ ഒരു പ്രത്യേക ഫെസിലിറ്റേഷൻ സെന്റർ ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ 2023-2024 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഈ പ്രോജക്ട് ഏറ്റെടുത്താൽ മതിയാകുന്നതാണ്.

(ii) **പ്രോജക്ട് ഉൾപ്പെടുന്ന മുഖ്യ മേഖല:** ഉല്പാദന മേഖല

(iii) **വിഭവ വകയിരുത്തൽ :** വികസന ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നും ആവശ്യമായ തുക ഈ പ്രോജക്ടിനായി വകകൊള്ളിക്കാവുന്നതാണ്.

(iv) **പ്രോജക്ടിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ:**

1. 100 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ള പ്രത്യേക സ്ഥല സൗകര്യം കമ്മ്യൂണിറ്റി അംബാസിഡർക്കായി സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററിനോടൊപ്പം/ പഞ്ചായത്ത് ഓഫീസിൽ ലഭ്യമായ മറ്റ് സ്ഥലത്ത് സജ്ജീകരിക്കുക. പഞ്ചായത്ത് ഓഫീസിൽ ഇതിനായി സ്ഥല സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സി.ഡി.എസ് ഓഫീസിനോടനുബന്ധിച്ച് കമ്മ്യൂണിറ്റി അംബാസിഡർക്കായുള്ള ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കാവുന്നതാണ്.

2. നെയിം ബോർഡ്, മേശകൾ, കസേരകൾ, സ്റ്റേഷണറി, ലാപ്പ്ടോപ്പ്, ഇന്റർ നെറ്റ് സൗകര്യം, ഫാൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അവിടെ ലഭ്യമാക്കുക.

(v) **ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരങ്ങൾ:** കമ്മ്യൂണിറ്റി അംബാസിഡർക്ക് ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ 100 ചതുരശ്ര അടിയിൽ കുറയാത്ത പ്രത്യേക സ്ഥലസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും.

(vi) **പ്രോജക്ട് തയ്യാറാക്കൽ സംവിധാനം:** ഈ പ്രോജക്ട് പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ടതാണ്.

(vii) **നിർവ്വഹണ ഉദ്യോഗസ്ഥൻ:** ഈ പ്രോജക്ടിന്റെ ഭാഗമായുള്ള വാങ്ങലുകൾ സെക്രട്ടറിയും നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമുണ്ടെങ്കിൽ അത് അസിസ്റ്റന്റ് എഞ്ചിനീയറും നിർവ്വഹിക്കേണ്ടതാണ്.

(viii) **മോണിറ്ററിംഗ്** : ഈ പ്രോജക്ടിന്റെ മോണിറ്ററിംഗ് പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ടതാണ്.

B. **എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 -കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കൽ:**

**II. പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ:** കേരള നോളജ് ഇക്കോണമി മിഷന്റെ DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകരുടെ യോഗ്യതയും അഭിരുചിയും മനസ്സിലാക്കി അവർക്ക് തൊഴിലവസരങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന തരത്തിൽ ആവശ്യമായ നൈപുണ്യ പരിശീലനം നൽകി അവരുടെ കാര്യശേഷി വർദ്ധിപ്പിച്ച് അവരെ തൊഴിൽ പ്രാപ്തരാക്കുന്നതിനാണ് ഈ പ്രോജക്ട് ലക്ഷ്യമിടുന്നത്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് കഴിവിന്റെയും വിദ്യാഭ്യാസ യോഗ്യതയുടെയും അഭിരുചിയുടെയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ അവരുടെ നൈപുണിയും നിലവിലുള്ള വൈദഗ്ധ്യവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം.

എല്ലാ തലത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളും ഈ പ്രോജക്ട് ഏറ്റെടുക്കേണ്ടതാണ്. ഈ പ്രൊജെക്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഒരു സ്കീം ആക്കുകയും ആ സ്കീം DWMS ന്റെ സ്കീം മാനേജ്മെന്റ് മൊഡ്യൂളിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതുമാണ്.

1. **പ്രോജക്ട് ഉൾപ്പെടുന്ന മുഖ്യ മേഖല: ഉല്പാദന മേഖല**

2. **വിഭവ വകയിരുത്തൽ**: (1) സബ്സിഡി മാർഗ്ഗ രേഖയുടെ ഖണ്ഡിക 6.5(സി) പ്രകാരം അനുവദനീയ പരമാവധി തുക ഇതിനായി തദേശസ്വയംഭരണ സ്ഥാപങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

(2) വികസന ഫണ്ട്, തനത് ഫണ്ട് എന്നിവ ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ഉപയോഗിക്കാവുന്നതാണ്.

(3) പട്ടികജാതി/പട്ടികവർഗ്ഗം, ട്രാൻസ് ജെൻഡേഴ്സ്, മത്സ്യതൊഴിലാളികൾ, ദാരിദ്ര്യരേഖക്ക് താഴെയുള്ള വനിതകൾ, മാതാവിന്റെ അല്ലെങ്കിൽ പിതാവിന്റെ മാത്രം സംരക്ഷണയിലുള്ള വനിതകൾ എന്നീ വിഭാഗങ്ങളുടെ നൈപുണ്യ വികസന പരിപാടികൾക്കായി ഓരോ ഗുണഭോക്താവിനും ആവശ്യമായ ചെലവിന്റെ 70 ശതമാനം തുകയോ അല്ലെങ്കിൽ പരമാവധി 20,000 രൂപയോ ഏതാണോ കുറവ് അത് കേരള നോളജ് ഇക്കണോമി മിഷന്റെ വിഹിതമായി പരിശീലക ഏജൻസിക്ക് നേരിട്ട് നൽകുന്നതാണ്. ഈ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ബാക്കി തുക വികസന ഫണ്ട്/ തനത് ഫണ്ട് എന്നിവയിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കി വയ്ക്കണം.

3. **ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ** - നൈപുണ്യ പരിശീലന പരിപാടികൾക്ക് ആവശ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് കേരള നോളജ് ഇക്കോണമി മിഷൻ നൽകുന്നതാണ്.

4. **പ്രോജക്ടിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ:**

കേരള നോളജ് ഇക്കോണമി മിഷന്റെ 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി DWMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകരുടെ അഭിരുചിയും താൽപര്യവും അനുസരിച്ചുള്ള മേഖലയിലെ നൈപുണ്യ വികസന പരിപാടികൾ മിഷൻ

അംഗീകരിച്ചിട്ടുള്ള (DWMS ൽ ലിസ്റ്റ് ചെയ്തിട്ടുള്ള) സ്ഥാപനങ്ങൾ വഴി തൊഴിൽ അന്വേഷകർക്ക് നൽകുക.

5. **ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരങ്ങൾ:** ....................എണ്ണം തൊഴിൽ അന്വേഷകരുടെ നൈപുണി വികസിപ്പിച്ച് തൊഴിൽ ആർജ്ജിക്കുന്നതിനുള്ള കാര്യശേഷി കൈവരിക്കുക.

6. **പ്രോജക്ട് തയ്യാറാക്കൽ സംവിധാനം:** ഈ പ്രോജക്ട് പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ടതാണ്.

7. **നിർവ്വഹണ ഉദ്യോഗസ്ഥൻ:** ഗ്രാമപഞ്ചായത്തുകളിൽ ഈ പ്രോജക്ടിന്റെ നിർവ്വഹണം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും നഗരഭരണ സ്ഥാപനങ്ങളിൽ യു.പി.എ പ്രോജക്ട് ഓഫീസർ/ ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറും നടത്തേണ്ടതാണ്.

8. **മോണിറ്ററിംഗ്** : ഈ പ്രോജക്ടിന്റെ മോണിറ്ററിംഗ് പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ടതാണ്.

**C. എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 -കേരള നോളജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി - തൊഴിൽമേള സംഘടിപ്പിക്കൽ**

(i) **പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ:** കേരള നോളജ് ഇക്കോണമി മിഷന്റെ എന്റെ തൊഴിൽ എന്റെ അഭിമാനം എന്ന പദ്ധതിയുടെ ഭാഗമായി DWMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകരുടെ അഭിരുചിയും താൽപര്യവും അനുസരിച്ചുള്ള മേഖലയിലെ നൈപുണ്യ വികസന പരിശീലനം ലഭിച്ചിട്ടുള്ള തൊഴിൽ അന്വേഷകർക്കും DWMS വഴി രജിസ്ട്രേഷനും പ്രൊഫൈൽ കംപ്ലീഷനും മറ്റ് അനുബന്ധ സർവ്വീസുകളും ഉപയോഗപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും പ്രാദേശികമായും അല്ലാതെയും ലഭ്യമായിട്ടുള്ള തൊഴിൽ അവസരങ്ങൾ പരിചയപ്പെടുത്തുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനതലത്തിലും തൊഴിൽ മേളകൾ സംഘടിപ്പിക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം.

(ii) **പ്രോജക്റ്റ് ഉൾപ്പെടുന്ന മുഖ്യ മേഖല: ഉല്പാദന മേഖല**

(iii) **വിഭവ വകയിരുത്തൽ:** (1) ആവശ്യമായ വികസന ഫണ്ടോ തനത് ഫണ്ടോ ഇതിനായി ഉപയോഗിക്കാവുന്നതാണ്. (2) കേരള നോളജ് ഇക്കോണമി മിഷൻ തൊഴിൽമേള നടത്തിപ്പിനാവശ്യമായ ചെലവിന്റെ 30 ശതമാനം തുകയോ രണ്ട് ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക തൊഴിൽ മേളയുടെ നടത്തിപ്പിനായി നൽകുന്നതാണ്.

(iv) **പ്രോജക്റ്റിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ:** (1) തൊഴിൽമേള നടത്തുന്നതിന് അനുയോജ്യമായ ഹാൾ/ഗ്രൗണ്ട് കണ്ടെത്തൽ (2) പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്റ്റാളുകൾ സജ്ജീകരിക്കൽ (3) മേശ, കസേര, ഫാൻ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, കുടിവെള്ളം, ഭക്ഷണം, ബാനർ, സ്റ്റേഷണറി മുതലായവ ലഭ്യമാക്കൽ (4) റിസപ്ഷൻ കൗണ്ടർ സജ്ജീകരിക്കൽ (5) തൊഴിൽ ദാതാക്കൾക്കുള്ള പരിശീലനം (6) എംപ്ലോയർ കോൺക്ലേവ് നടത്തൽ

(v) **ഗുണഭോക്താക്കളെയും ഭൗതിക ലക്ഷ്യവും സംബന്ധിച്ച വിവരങ്ങൾ:** നൈപുണ്യ വികസന പരിശീലനം ലഭിച്ചതും DWMS വഴി രജിസ്ട്രേഷനും പ്രൊഫൈൽ കംപ്ലീഷനും മറ്റ് അനുബന്ധ സർവ്വീസുകളും ഉപയോഗപ്പെടുത്തിയിട്ടുള്ള .......................................... ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുക.

(vi) **പ്രോജക്റ്റ് തയ്യാറാക്കൽ സംവിധാനം:** ഈ പ്രോജക്റ്റ് പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ടതാണ്.

(vii) **നിർവ്വഹണ ഉദ്യോഗസ്ഥൻ:** ഈ പ്രോജക്റ്റ് സെക്രട്ടറി നിർവ്വഹണം നടത്തേണ്ടതാണ്.

(viii) **മോണിറ്ററിംഗ് :** ഈ പ്രോജക്റ്റിന്റെ മോണിറ്ററിംഗ് പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ടതാണ്.

**D. കേരള നോളജ് ഇക്കോണമി മിഷൻ - വർക്ക് നിയർ ഹോം സൗകര്യം ഏർപ്പെടുത്തൽ.**

(i) **പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ:** ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കേരള നോളജ് ഇക്കോണമി മിഷൻ നൽകുന്ന സ്പെസിഫിക്കേഷനിലുള്ള വർക്ക് നിയർ ഹോം സെന്ററുകൾ സ്ഥാപിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. മൈക്രോ ഓഫീസ് സ്പെയ്സുകൾ, മിനി ഓഫീസ് സ്പെയ്സുകൾ, കമ്മ്യൂണിറ്റി വർക്ക് സെന്ററുകൾ എന്നിങ്ങനെ മൂന്ന് തരത്തിലുള്ള വർക്ക് നിയർ ഹോം സെന്ററുകളാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ളത്. സാദ്ധ്യതയും സ്ഥലലഭ്യതയും അനുസരിച്ച് കേരള നോളജ് ഇക്കോണമി മിഷന്റെ സാങ്കേതിക ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏതുതരത്തിലുള്ള വർക്ക് നിയർ ഹോം സൗകര്യം ഒരുക്കണമെന്ന് തീരുമാനിക്കാവുന്നതാണ്. ആദ്യഘട്ടമായി വർക്ക് നിയർ ഹോം ഫെസിലിറ്റി ഏർപ്പെടുത്തുന്നതിന് ആവശ്യമായ കെട്ടിടം സ്വന്തമായോ വാടകയ്ക്കോ ലീസിനോ ലഭ്യമാക്കാൻ കഴിയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രോജക്ട് ഏറ്റെടുക്കേണ്ടത്.

(ii) **വിഭവ വകയിരുത്തൽ:** (1) കേരള നോളജ് ഇക്കോണമി മിഷൻ ചുമതലപ്പെടുത്തുന്ന ഏജൻസി തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന കെട്ടിടത്തിൽ വർക്ക് നിയർ ഹോം ഫെസിലിറ്റിക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകുന്നതാണ്. ഇതിനാവശ്യമായ തുകയുടെ 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനവും ബാക്കി 50 ശതമാനം തുക കിഫ്ബിയും വഹിക്കും. പണി പൂർത്തിയായി കഴിഞ്ഞാൽ തദ്ദേശസ്വയം ഭരണ സ്ഥാപനം മുടക്കിയ 50 ശതമാനം തുക രണ്ട് ഘട്ടങ്ങളായി വ്യവസ്ഥകൾ പാലിക്കുന്ന മുറയ്ക്ക് കിഫ്ബി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മടക്കി നൽകുന്നതാണ്. (2) ആവശ്യമായ വികസന ഫണ്ടോ തനത് ഫണ്ടോ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

(iii) **പ്രോജക്ടിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ:**

(1) **മൈക്രോ ഓഫീസ് സ്പെയ്സ് ( 5000 ചതുരശ്ര അടി വരെ സ്ഥല വിസ്തീർണ്ണം, 15 മുതൽ 50 വരെ ഇരിപ്പിട സൗകര്യം)** : Reception Area, Administrative Space, Individual Private Desk, Open Work space, Discussion rooms, Good Quality Bandwidth facility, Secured

Network Infrastructure, Air conditioning, Coffee Kiosk, CCTV cameras, Phone Booth, Toilets, Facility Management

(2) **മിനി ഓഫീസ് സ്പെയ്സ് ( 5000 മുതൽ 10000 ചതുരശ്ര അടി വരെ സ്ഥല വിസ്തീർണ്ണം, 51 മുതൽ 100 വരെ ഇരിപ്പിട സൗകര്യം):** Reception Area, Administrative space, Individual Private space, Open Work station, Group workstation, Discussion Rooms, High quality bandwidth connectivity, Mini Conference room, Uninterrupted power supply, Secured Network Infrastructure, Storage space, Access Control, Video Conferencing facility.

(3) **കമ്മ്യൂണിറ്റി വർക്ക് സെന്റർ (10000 മുതൽ 25000 ചതുരശ്ര അടി വരെ സ്ഥല വിസ്തീർണ്ണം, 101 മുതൽ 250 വരെ ഇരിപ്പിട സൗകര്യം):** Reception area, Administrative room, Individual Private Desk, Open Work station, Group Office Space, Discussion Rooms, Conference room, High Quality Bandwidth connectivity, Uninterrupted power supply, Video Conference Facility, Phone booths, Secured Network Infrastructure, Access Control.

(iv) **ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരങ്ങൾ: വൈജ്ഞാനിക തൊഴിലിടങ്ങൾ ലഭ്യമാക്കൽ**

(v) **പ്രോജക്ട് തയ്യാറാക്കൽ സംവിധാനം:** ഈ പ്രോജക്ട് പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ടതാണ്.

(vi) **നിർവ്വഹണ ഉദ്യോഗസ്ഥൻ:** ഈ പ്രോജക്ട് സെക്രട്ടറി നിർവ്വഹണം നടത്തേണ്ടതാണ്.

(vii) **മോണിറ്ററിംഗ് :** ഈ പ്രോജക്ടിന്റെ മോണിറ്ററിംഗ് പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ടതാണ്.